പനങ്ങാട്ട് പുഞ്ചനിലങ്ങളിലെ കൃഷി നശിച്ചതിന് നഷ്ടപരിഹാരം

(373) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ കളനട പഞ്ചായത്തിലെ പനങ്ങാട് പുഞ്ച നിലങ്ങളിൽ കീടബാധമൂലം ഉണ്ടായ നെൽകൃഷി നാശത്തിന് കർഷകർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പനങ്ങാട് നെല്ലുൽപ്പാദന സഹകരണസംഘം സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

ചോദ്യം (372) ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) കീടബാധമൂലം വ്യാപകമായ കൃഷിനാശം ഉണ്ടായ പ്രസ്തുത സ്ഥലം കൃഷി വകുപ്പിലെ ഉത്തരവാദിത്വപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടുണ്ടോ;

(ഡി) നെൽകൃഷി നാശംമൂലം കർഷകർക്ക് ഉണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് അവർക്ക് നഷ്ടപരിഹാരം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) രോഗബാധയുടെ വിവരം അറിഞ്ഞപ്പോൾത്തന്നെ കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ, ബ്ലോക്കിലെ അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ പലപ്പോഴായി സ്ഥലം സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാർഷിക സർവകലാശാലയുടെ കീഴിലുള്ള സദാനന്ദപുരത്തെ കൃഷി വിജ്ഞാനകേന്ദ്രം അസിസ്റ്റന്റ് പ്രൊഫസറും സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(ഡി) കർഷകർക്കുണ്ടായ ഇത്തരം നഷ്ടത്തിന് ധനസഹായം നൽകുന്നതിന് ഇപ്പോൾ വ്യവസ്ഥകളൊന്നുമില്ല.

സീഡ് അതോറിറ്റിയുടെ പ്രവർത്തനമേഖല

(374) ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സീഡ് അതോറിറ്റിയുടെ പ്രവർത്തനം ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ അതോറിറ്റിയുടെ പ്രവർത്തനം മലപ്പുറം ജില്ലയിലെ നെൽകൃഷിയുള്ള എല്ലാ വില്ലേജുകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, ആലപ്പുഴ, കോട്ടയം എന്നീ ജില്ല കളിലാണ് ആദ്യഘട്ടം എന്നനിലയിൽ വിത്ത് വികസന അതോറിറ്റിയുടെ പ്രവർത്തനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ആദ്യഘട്ടത്തിൽ മലപ്പുറം ജില്ലയിലെ 50 ഹെക്ടർ സ്ഥലം ആണ് ഇതിലേയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

കൃഷി വകുപ്പ് വൈദ്യുതി ചാർജ് അടയ്ക്കാത്തതായുള്ള പരാതി

(379) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കല്ലറ വില്ലേജിലെ വിവിധ പാടശേഖരങ്ങളിൽ കഴിഞ്ഞവർഷം പമ്പിംഗ് നടത്തിയതിന്റെ വൈദ്യുതി ചാർജ് കൃഷി വകുപ്പ് അടച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷത്തെ വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാൽ ഈ വർഷം കെ.എസ്.ഇ.ബി. കണക്ഷൻ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷത്തെ തുക അടയ്ക്കുന്നതിനും ഈ വർഷം അടിയന്തിരമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശി ക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാടശേഖരങ്ങൾ ഉൾപ്പെടുന്ന തലയോലപ്പറമ്പ്, തലയാഴം ഇലക്ട്രിക്കൽ മേജർ സെക്ഷനിൽനിന്നും ഡിമാന്റ് നോട്ടീസ് ലഭിക്കാത്ത താണ് കാരണം.

(സി) ഉണ്ട്

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) പാടശേഖരങ്ങൾക്ക് റീകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപ ടികൾ പ്രിൻസിപ്പൽ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

കൃഷി ഭവനുകളുടെ പ്രവർത്തനം

(380) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് കൃഷി ഭവനുകൾ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly